**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1917** **12-09-2023 - ൽ മറുപടിയ്ക്ക്**

**പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷൻ വാങ്ങിയ സാമഗ്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽ നിന്നും 2020 ജനുവരി 1-ന് ശേഷം നാളിതുവരെ സാമൂഹ്യ സുരക്ഷാ മിഷൻ എന്തൊക്കെ സാമഗ്രികൾ വാങ്ങിയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;സാമഗ്രികൾ വാങ്ങിയ തീയതി, ഓരോ സാധനത്തിന്റെയും തുക, മൊത്തം തുക എന്നീ വിവരങ്ങൾ നൽകുമോ; ടെൻഡർ നടപടികളിലൂടെയാണോ ഈ പ്രവൃത്തികൾ നൽകിയത് എന്ന് വിശദമാക്കാമോ? | (എ) | M/s പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽ നിന്നും 2020 ജനുവരി 1-ന് ശേഷം ചില സാമഗ്രികൾ ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചും 2020 മാർച്ച് മാസത്തിന് ശേഷം ,കോവിഡ് കാലഘട്ടത്തിൽ,പർച്ചെയ്സുമായി ബന്ധപ്പെട്ട റിലാക്സേഷൻ അനുവദിച്ചിരുന്ന സാഹചര്യത്തിൽ മറ്റു ചില സാമഗ്രികൾ ടെൻഡർ നടപടികളിലൂടെ അല്ലാതെയും വാങ്ങിയിട്ടുണ്ട്. പ്രിന്റ് ഫാക്ടറി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സാമഗ്രികളുടെ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ